## മരങ്ങൾ നട്ട് വളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. അപേക്ഷകൻ അധികാര പരിധിയിലുള്ള സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഓഫീസിൽ അപേക്ഷ സമർപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ അപേക്ഷയും റെയ്ഞ്ച് ഓഫീസർ പരിശോധിച്ച് രജിസ്ട്രേഷൻ നമ്പരും തീയതിയും അപേക്ഷകന് ലഭ്യമാക്കുന്നതായിരിക്കും. അപേക്ഷകൻ സർക്കാരിന്റെ സമാന പ്രോത്സാഹന ധന സഹായ പദ്ധതികളുടെ ഗുണഭോക്താവ് ആയിരിക്കരുത്. പ്രോത്സാഹന സഹായം ലഭിക്കുന്ന സമയത്ത് ഇത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

2. ജില്ലയുടെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഇതുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3. ഇതു സംബന്ധിച്ച് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് വനം വകുപ്പ് എല്ലാ വർഷവും ആഗസ്റ്റ് സെപ്റ്റംബർ മാസം പ്രസിദ്ധീകരിക്കുന്നതാണ്.

4. തേക്ക്, ചന്ദനം, ആഞ്ഞിലി, മഹാഗണി, പ്ലാവ്, റോസ് വുഡ്, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് തുടങ്ങിയ 10 ഇനം തൈകൾ മാത്രമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5. മുൻ വർഷങ്ങളിൽ നട്ട തൈകൾക്ക് അതായത് 1 വർഷം മുതൽ 2 വർഷം വരെ പ്രായമായ തൈകൾക്ക് മാത്രമായിരിക്കും പ്രോത്സാഹന ധന സഹായത്തിന് അർഹതയുള്ളത്.

6. അപേക്ഷകൻ തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ അപേക്ഷയുടെ തീയതി മുതൽ കുറഞ്ഞത് 10 വർഷം വരെ നീണ്ട് നിൽക്കുന്ന ദീർഘ കാല പാട്ടക്കരാറുള്ള ഭൂമിയുടെ പാട്ടക്കാരനോ ആയിരിക്കണം.

7. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, പാട്ടക്കരാർ. സ്കെച്ച്, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. പ്രോത്സാഹന ധനസഹായത്തിന് പരിഗണിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 1 മുതൽ 2 വർഷം വരെ പ്രായമുള്ളതും ആരോഗ്യമുള്ളതുമായ 50 തൈകൾ പരിശോധനാ സമയത്ത് ഉണ്ടായിരിക്കേണ്ടതാണ്.

9. ഒരു നിശ്ചിത സ്ഥലത്ത് പ്രോത്സാഹന ധനസഹായത്തിനുള്ള അർഹത 10 വർഷത്തിൽ ഒരിക്കൽ ആയിരിക്കും. പിൽക്കാലത്ത് ഈ സ്ഥലങ്ങളിൽ കുടുതലായി നടുന്ന തൈകൾക്ക് (ചുരുങ്ങിയത് 50 എണ്ണം) അർഹമായ അധിക പ്രോത്സാഹന ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

10 പ്രോത്സാഹന ധന സഹായത്തിന്റെ 50 ശതമാനം 1-ാം ഗഡുവായി ആദ്യ വർഷവും ബാക്കി 50 % 2-ാം ഗഡുവായി 3-ാം വർഷവും നൽകുന്നതായിരിക്കും. ആദ്യ വർഷാവസാനം തേക്ക്, മഹാഗണി എന്നീ മരങ്ങൾക്ക് ചുരുങ്ങിയത് 1 മീറ്റർ ഉയരവും മറ്റ് തൈകൾക്ക് ചുരുങ്ങിയത് ½ മീറ്റർ വീതം ഉയരവും പരിശോധനാ സമയത്ത് ഉണ്ടായിരിക്കണം. തൈകളുടെ വളർച്ചയും ആരോഗ്യവും കണക്കിലെടുത്തായിരിക്കും പ്രോത്സാഹന ധന സഹായത്തിന്റെ രണ്ടാം ഗഡു (3-ാം വർഷം) അനുവദിക്കുന്നത്.

11. ഈ സ്കീമിൽ പൊതു ജനങ്ങൾക്കുള്ള താൽപര്യം നില നിർത്തുന്നതിനായി പ്രോത്സാഹന ധനസഹായം നൽകപ്പെട്ട സ്ഥലങ്ങൾ ഒരോ 5-ാം വർഷ അവസാനവും 10-ാം വർഷ അവസാനവും ഇതുമായി ബന്ധപ്പെട്ട കമ്മിറ്റി സന്ദർശിച്ച് ഏറ്റവും നല്ല പ്രകടനം കാഴ്ച വയ്ക്കുന്ന മൂന്ന് പേർക്ക് ജില്ലാ തലത്തിൽ ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും.

12. പ്രോത്സാഹന ധന സഹായത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് ഒരോ വർഷവും ഒരു പ്രാവശ്യം പത്ര മാധ്യമങ്ങളിലൂടെയും വനം വകുപ്പിന്റെ വെബ്സൈറ്റി ലൂടെയും പ്രസിദ്ധീകരിക്കുന്നതായിരിക്കും

13. ഇതുമായി ബന്ധപ്പെട്ട കമ്മിറ്റികളെ പുനർ നിർണ്ണയിക്കുന്നതിനും ഘടന മാറ്റുന്നതിനു മുള്ള പൂർണ്ണ അധികാരം സർക്കാരിനായിരിക്കും.

14. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും സർക്കാർ നിശ്ചയിക്കുന്ന പരിധിയനുസരിച്ചും അക്കൗണ്ട് പേയീ ചെക്ക് ആയി ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ പ്രോത്സാഹന ധന സഹായം വിതരണം ചെയ്യുന്നതായിരിക്കും.

15 അപേക്ഷകളുടെ പരിശോധന വിവരം (സ്വകാര്യ വ്യക്തികൾ) വനം വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതും അർഹരായവരെ തെരഞ്ഞെടുത്ത വിവരം അതാത് വ്യക്തി കളെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിക്കുന്നതുമായി രിക്കും. ഇത് സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി സർക്കിൾതല ചീഫ് കൺസർവേറ്ററോ, കൺസർവേറ്ററോ അന്തിമ തീരുമാനം എടുക്കുന്നതായിരിക്കും.

# അപേക്ഷാ ഫോറം

(മരങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായത്തിനുള്ള അപേക്ഷാ ഫോറം)

തൈകൾ നട്ട വർഷം: . .. പ്രോത്സാഹന ധനസഹായം 1-ാം വർഷം/3-ാം വർഷം

| | | | | | |
|---|---|---|---|---|---|
| 1) | അപേക്ഷകന്റെ പേര് | | | | |
| 2) | അപേക്ഷകന്റെ മേൽ വിലാസം | | | | |
| 3) | ഫോൺ നം. | 4) | മൊബൈൽ നം. | | |
| 5) | പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ | | | വാർഡ് നം | |
| 6) | പരിധിയിലുള്ള വന സംരക്ഷണ സമിതി/എക്കോ ഡവലപ്മെന്റ് കമ്മിറ്റി/കുടുംബ ശ്രീ യൂണിറ്റ്/ന്റെ പേര് | | | | |
| 7) | തൈകൾ നട്ടിരിക്കുന്ന സ്ഥല ത്തിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും | | | | |

## നട്ട തൈകളുടെ വിവരങ്ങൾ

| തൈകളുടെ ഇനം | പ്രോത്സാഹന ധനസഹായം ലഭിക്കുന്നതിന് നിർദ്ദേശിക്കുന്ന തൈകളുടെ എണ്ണം | തൈകൾ നട്ടമാസവും വർഷവും | തൈകളുടെ ഉയരം (എല്ലാ തൈകളുടെയും ഉയര വിവരം ലിസ്റ്റ് ചെയ്ത് അപേക്ഷയോടൊപ്പം ചേർക്കുക) |
|---|---|---|---|
| തേക്ക് | | | |
| ചന്ദനം | | | |
| ആഞ്ഞിലി | | | |
| മഹാഗണി | | | |
| പ്ലാവ് | | | |
| റോസ് വുഡ് | | | |
| കമ്പകം | | | |
| കുമ്പിൾ | | | |
| കുന്നിവാക | | | |
| തേമ്പാവ് | | | |
| ആകെ | | | |

ഒപ്പും തീയതിയും